# അക്കാദമിക മാസ്റ്റർ പ്ലാൻ

<u>2025-2026</u>

ഉപജില്ല : കോഴഞ്ചേരി

## ഗവ. എൽ.പി.സ്കൂൾ

കീക്കൊഴൂർ

# ആമുഖം

## ചരിത്രം:

ചെറുകോൽ പഞ്ചായത്തിലെ ആറാം വാർഡിൽ നില കൊള്ളുന്ന ഒരു മികച്ച സർക്കാർ സ്ഥാപനമാണ് കീക്കൊഴൂർ ഗവ. എൽ. പി. സ്കൂൾ. 1914-ൽ ആണ് ഈ സ്കൂൾ പ്രവർത്തനം ആരംഭിച്ചത്. സാമ്പത്തികമായും സാമൂഹികമായും ഏറെ പിന്നോക്കം നിന്നിരുന്ന ഗ്രാമീണർക്ക് വിദ്യാഭ്യാസം ഒരുക്കുന്നതിന് വേണ്ടി നൂറിൽപ്പരം വർഷങ്ങൾക്കു മുൻപ് സ്ഥാപിതമായതാണ് ഈ സ്കൂൾ. ഗ്രാമവാസികളിൽ നല്ലൊരു ശതമാനം ആൾക്കാരും കർഷകത്തൊഴിലാളികൾ ആയിരുന്നു.

ഈ സ്കൂളിന് ആരംഭത്തിൽ 100'x20' അളവിലും 80'x20' അളവിലും രണ്ട് കെട്ടിടങ്ങൾ ഉണ്ടായിരുന്നു. 25.3.1999 ൽ കീക്കൊഴൂർ ഗവ. ഹൈസ്കൂളിനു വേണ്ടി കെട്ടിടങ്ങൾ രണ്ടും കൈമാറി. പകരം 20'x20' അളവിൽ ആഫീസ് മുറിയും 80'x20' അളവിലും 40'x20' അളവിലും രണ്ട് കെട്ടിടങ്ങൾ LPS നു ലഭിച്ചു. ഈ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് 1 മുതൽ 4 വരെ ക്ലാസുകൾ നടത്തി വരുന്നു.

# കാഴ്ചപ്പാട്

- വരും കാലത്തിന്റെ ആവശ്യങ്ങൾ മുൻകൂട്ടി മനസ്സിലാക്കി ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി അധ്യയനം ഉറപ്പാക്കുക.
- സ്കൂൾ സമ്പൂർണ്ണ ശുചിത്വവും പ്ലാസ്റ്റിക് രഹിതവും ആക്കി മാറ്റുക.
- 2025 - 2026 ൽ അക്കാദമികമായി സ്കൂളിനെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുക
- 2030 തോടെ സ്കൂളിനെ ഭൗതികമായി അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുക.

## സ്കൂൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

- **അക്കാദമികം.**

എല്ലാ കുട്ടികൾക്കും ആർജ്ജിക്കേണ്ട എല്ലാ ശേഷികളും നേടാൻ കഴിയുന്നില്ല. ഭിന്നശേഷിക്കാർക്കാവശ്യമായ റിസോഴ്സ് അധ്യാപകരുടെ സേവനം പരിമിതമാണ്. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ICT സാധ്യതകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷ് എഴുത്ത്, വായന മെച്ചപ്പെടാനുണ്ട്.

- **ഭൗതികം.**

- ആധുനികമായി സജ്ജീകരിച്ച കമ്പ്യൂട്ടർ ലാബ് ഇല്ല.
- ക്ലാസ് ലൈബ്രറിക്ക് അടിസ്ഥാന സൗകര്യമില്ല.
- ചുറ്റുമതിൽ ഭാഗികമാണ്. കളിസ്ഥലമില്ല.
- സുരക്ഷിതമല്ലാത്ത സ്കൂൾ കെട്ടിടം.
- കുട്ടികൾക്ക് ഇരുന്ന് ആഹാരം കഴിക്കാനുള്ള മുറി ഇല്ല.

# കുട്ടികളുടെ എണ്ണം - 2025-26.

| Std | All pupils | | | SC | | | ST | | | OBC | | | OEC | | | Gen | | | IED | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T | B | G | T |
| I | 2 | 8 | 10 | - | - | - | 0 | 1 | 1 | 0 | 1 | 1 | 0 | 3 | 3 | 2 | 3 | 5 | - | - | - |
| II | 4 | 6 | 10 | 1 | 0 | 1 | 0 | 1 | 1 | - | - | - | 1 | 0 | 1 | 2 | 4 | 6 | 0 | 1 | 1 |
| III | 5 | 1 | 6 | 1 | 0 | 1 | - | - | - | 2 | 1 | 3 | - | - | - | 2 | 0 | 2 | - | - | - |
| IV | 2 | 3 | 5 | - | - | - | - | - | - | 1 | 0 | 1 | 0 | 3 | 3 | 1 | 0 | 1 | - | - | - |

അധ്യാപകർ

1. അനിൽകുമാർ C.K , HM
2. ആശ ആൻസി ശാമുവേൽ , LPSA
3. മിനികുമാരി P , LPST
4. സുജ ഏബ്രഹാം , LPST

പൊതുലക്ഷ്യങ്ങൾ

- ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും ഓരോ കുട്ടിയുടെയും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക
- ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക
- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ സ്വാംശീകരിച്ചു എന്നുറപ്പു വരുത്തുക
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് , മലയാളം . ഭാഷകൾ വായിക്കാനും , എഴുതാനുമുള്ള കഴിവുണ്ടെന്ന് ഉറപ്പു വരുത്തും
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും , കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും

മേഖല: ഭാഷ- മലയാളം

ഉപമേഖല: വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • തെറ്റുകൂടാതെ എല്ലാ കുട്ടികളും വായിക്കുക. • അർത്ഥപൂർണ്ണമായി വായിക്കുന്നു എന്ന് ഉറപ്പുവരുത്തുക. • പാഠപുസ്തകത്തിനപ്പുറമായ വായനയിലേക്ക് നയിക്കുക. | • ചിത്രവായന. • ആകർഷകങ്ങളായ പുസ്തകങ്ങൾ വായന - വലിയ അക്ഷരങ്ങളും ചിത്രങ്ങളും ഉള്ളവ. • ലൈബ്രറി പുസ്തകങ്ങൾ നൽകൽ • ദിനപ്പത്രങ്ങൾ വായന | ഹ്രസ്വകാലം | അധ്യാപകർ | |

മേഖല: ഭാഷ- മലയാളം.

ഉപമേഖല: ലേഖനം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി എഴുതുന്നു എന്ന് ഉറപ്പുവരുത്തുക • എല്ലാ കുട്ടികളും ഓരോ ഘട്ടത്തിനും അനുയോജ്യമാം വിധം മികച്ച നിലയിൽ ആശയവിനിമയം നടത്തുന്നതിനുള്ള ശേഷി നേടി എന്ന് ഉറപ്പുവരുത്തുക • ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക. | • കഥാചിത്രങ്ങൾ നോക്കി കഥ പറയൽ- എഴുതൽ • ലൈബ്രറി പുസ്തകങ്ങൾ നൽകി കുറിപ്പ് തയാറാക്കൽ • കഥയുടെ കുറച്ചു ഭാഗം നൽകി ബാക്കി പറയൽ, എഴുതൽ • ഇഷ്ടമുള്ള വസ്തു, സംഭവം, കണ്ട സ്ഥലം, ഇഷ്ടമുള്ള വ്യക്തി ഇവയെപ്പറ്റി എഴുതൽ. | ഹ്രസ്വകാലം | അധ്യാപകർ | |

മേഖല: ഭാഷ- ഇംഗ്ലീഷ്

Sub Topic: Reading and Speaking

| Aim | Activity | Time | Responsibility |
| --- | --- | --- | --- |
| Enable the students to read English fluently and to speak clearly. | · English Assembly<br>· English pledge<br>English news .. | 1 year. | Teachers. |

Sub Topic: Reading and writing

| Aim | Activity | Time | Responsibility |
| --- | --- | --- | --- |
| · Enable the students to read and to write english well. | · Reading and writing using word cards and sentence cards.<br>· Reading text books<br>· Library books<br>· | 1year | Teachers. |

മേഖല: ഗണിതം

ഉപമേഖല: ചതുഷ്ക്രിയ, പ്രായോഗിക പ്രശ്ന പരിഹാരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളിൽ സംഖ്യാ ബോധം ഉറപ്പിക്കുക<br>• ചതുഷ്ക്രിയയിൽ പ്രാവീണ്യം നേടുക<br>• പ്രായോഗിക പ്രശ്നങ്ങൾ പരിഹരിച്ച് നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | • കമ്പുകെട്ട്, അബാക്കസ് സംഖ്യാറിബൺ ഇവ ഉപയോഗിച്ച് സംഖ്യകൾ കണ്ടെത്തുന്നു.<br>• സംഖ്യാഗാനങ്ങൾ, കുസൃതിച്ചോദ്യങ്ങൾ<br>• കളിനോട്ടുകൾ ഉപയോഗിച്ച് പ്രായോഗിക പ്രശ്നങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്തി പരിഹരിക്കൽ. | മധ്യമകാലം | അധ്യാപകർ. | |

മേഖല: ശാസ്ത്രം.

ഉപമേഖല: നിരീക്ഷണം, പരീക്ഷണം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക.<br>• പ്രകൃതിയെയും ചുറ്റുപാടിനെയും നിരീക്ഷിച്ച് പഠനം ഉറപ്പാക്കുക.<br>• ശാസ്ത്ര പ്രവർത്തനങ്ങൾ മനസിലാക്കുക<br>• ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്ന | • പാഠഭാഗവുമായി ബന്ധപ്പെട്ട് അടുത്തുള്ള കൃഷിസ്ഥലങ്ങൾ, പുഴകൾ, സന്ദർശനം<br>• റിപ്പോർട്ട് തയാറാക്കൽ<br>• പാഠഭാഗവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ list ചെയ്യൽ, പഠനോപകരണങ്ങൾ list ചെയ്യൽ<br>• പരീക്ഷണങ്ങൾ സ്വയം ഏറ്റെടുത്ത് ചെയ്യൽ. കുറിപ്പുകൾ രേഖപ്പെടുത്തൽ | മധ്യമകാലം | SRG<br>അധ്യാപകർ. | |

മേഖല: അക്കാദമികം - ശാസ്ത്രം
ഉപമേഖല: ജൈവ വൈവിധ്യ പാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക. | • സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവ വൈവിധ്യ പാർക്ക് ഒരുക്കുക | മധ്യമം ഒരു പ്രാവശ്യം | S.R.G. | |

മേഖല: അക്കാദമികം - ശാസ്ത്രം
ഉപമേഖല: മൺമറഞ്ഞ ആഹാരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കേരളീയരുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | • കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പലഹാരങ്ങൾ, പാനീയങ്ങൾ, ആഹാര സാധനങ്ങൾ എന്നിവയുടെ പട്ടിക തയാറാക്കൽ വീട്ടിലെ മുതിർന്നവരോട് ചോദിച്ച് ഓരോന്നിന്റെയും പാചകരീതി, ചേർക്കേണ്ട സാധനങ്ങൾ ഇവ ഉൾപ്പെടുത്തി പതിപ്പ് | മധ്യമം വർഷത്തിൽ ഒന്ന് | SRG PTA | |

മേഖല: അക്കാദമികം
ഉപമേഖല: ഫാസ്റ്റ് ഫുഡ് - ഫാസ്റ്റ് ടു ഡെത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ഫാസ്റ്റ് ഫുഡിന്റെ ഗുണദോഷങ്ങളെക്കുറിച്ച് നിഗമനം രൂപപ്പെടുത്തൽ | • കടകളിൽ നിന്നും വാങ്ങുന്നതും വീടുകളിൽ ഉണ്ടാക്കുന്നതുമായ വിവിധ ഫാസ്റ്റ് ഫുഡുകൾ പട്ടികപ്പെടുത്തൽ • ഓരോന്നിലും ചേർക്കുന്ന വസ്തുക്കൾ ഉൾപ്പെടുത്തി പതിപ്പ് തയാറാക്കൽ | മധ്യമം വർഷത്തിൽ ഒന്ന് | SRG | |

മേഖല: അക്കാദമികം - ആരോഗ്യം.
ഉപമേഖല: ആരോഗ്യം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | • വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്ക് വൈദ്യപരിശോധന. | മധ്യമകാലം വർഷത്തിലൊന്ന് | HM<br>PTA<br>PHC | |

മേഖല: അക്കാദമികം
ഉപമേഖല: പച്ചക്കറിത്തോട്ടം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | • വിദ്യാലയത്തിൽ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധം പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | മധ്യമകാലം | PTA<br>SRG. | |

മേഖല: അക്കാദമികം
ഉപമേഖല: ക്ലാസ്. പി.ടി.എ. മെച്ചപ്പെടുത്തൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | • ക്ലാസ് PTA കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ<br>• പഠന പുരോഗതി പരിശോധിക്കൽ<br>• മികവുകളുടെ അവതരണം<br>• ചർച്ച | മധ്യമകാലം | Class teachers. | |

മേഖല: അക്കാദമികം - ആരോഗ്യം

ഉപമേഖല: പോഷകാഹാര പരിപാടി

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | • ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളും | HM<br>PTA | |

മേഖല: അക്കാദമികം - ഭാഷ - മലയാളം

ഉപമേഖല: ജന്മദിനത്തിനൊരു പുസ്തകം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ക്ലാസ് ലൈബ്രറിയുടെ നവീകരണം. | • ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവന നൽകുക. കുടുംബാംഗങ്ങളെ മുഴുവൻ പങ്കാളിയാക്കുന്നു. | എല്ലാ ജന്മദിനങ്ങളിലും. | ക്ലാസ് ടീച്ചർ<br>ക്ലാസ് ലീഡർ | |

മേഖല: അക്കാദമികം

ഉപമേഖല: വർക്ക്ഷീറ്റ് നിർമ്മാണം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • ബാലസാഹിത്യ മാസികകളെ ഫലപ്രദമായി ഉപയോഗിക്കുക. | • വായിച്ചുകഴിഞ്ഞ ബാലസാഹിത്യമാസികകളിലെയും മറ്റും ചിത്രങ്ങൾ ഒരു പേപ്പറിന്റെ മുകൾഭാഗത്ത് ഒട്ടിക്കുന്നു. ഇതിനനുയോജ്യമായ കവിത, കഥ, സംഭാഷണം, വിവരണം ഇവ തയാറാക്കുന്നു. | ദീർഘകാലം.<br>മാസത്തിൽ ഒരു പ്രാവശ്യം. | SRG. | |

മേഖല: അക്കാദമികം.

ഉപമേഖല: പതിപ്പുകൾ തയാറാക്കൽ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പഠനം കൂടുതൽ മെച്ചപ്പെടുത്തൽ | • ഓരോ യൂണിറ്റുമായും ദിനാചരണങ്ങളുമായും ബന്ധപ്പെട്ട് ശേഖരിക്കാവുന്ന ചിത്രങ്ങൾ, കുറിപ്പുകൾ ഇവ ശേഖരിച്ച് പതിപ്പാക്കൽ | മധ്യമകാലം. | ക്ലാസ് ടീച്ചർ<br>കുട്ടികൾ | |

മേഖല: അക്കാദമികം

ഉപമേഖല: കല-കായികം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • ചലനം വ്യായാമങ്ങളിലൂടെ ശരീര ശേഷികൾ വികസിപ്പിക്കുക.<br>• കലയെ ഉപയോഗപ്പെടുത്തി മറ്റു വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന് | • കളികൾ<br>• മാസ് ഡ്രിൽ<br>• ചിത്രം വര<br>• ഒറിഗാമി<br>• മോൾഡിംഗ് ക്ലേ ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കൽ | മധ്യമം | Class Teachers. | |

മേഖല: ഭൗതികം.

ഉപമേഖല: ചുറ്റുമതിൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • സുരക്ഷിതമായി സ്കൂൾ കാമ്പസിനെ സംരക്ഷിക്കൽ | • ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. | ദീർഘകാലം | പഞ്ചായത്ത്<br>PTA | |

മേഖല: ഭൗതികം.

ഉപമേഖല: ഡൈനിംഗ് ഹാൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
| --- | --- | --- | --- | --- |
| • ശുചിത്വവും ആരോഗ്യവും പഠനത്തിന്. | • സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | ദീർഘകാലം | പഞ്ചായത്ത്. | |

മേഖല: ഭൗതികം

ഉപമേഖല: ശൗചാലയം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| • ശുചിത്വം. | • ആധുനിക രീതിയിൽ ശൗചാലയം നിർമ്മിക്കൽ | ദീർഘകാലം | പഞ്ചായത്ത്. | |

മേഖല: ഭൗതികം
ഉപമേഖല: പ്രീ-പ്രൈമറി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • പ്രീ-പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ | • പ്രീ-പ്രൈമറിയിലേക്ക് 3-5 വയസ്സു വരെയുള്ള കുട്ടികളെ എത്തിക്കൽ<br>• ഭവനസന്ദർശനം<br>• പ്രീ-പ്രൈമറി സൗകര്യപ്രദവും ആകർഷകവുമാക്കൽ | മധ്യമം | PTA<br>Pre. Primary Tr.<br>പഞ്ചായത്ത് | |

മേഖല: ഭൗതികം
ഉപമേഖല: മൈതാനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • കളികളിൽ ഏർപ്പെടാൻ/കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ. | • മുഴുവൻ കുട്ടികൾക്കും വിവിധതരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ മൈതാനം ശരിയാക്കൽ | മധ്യമകാലം | PTA | |

മേഖല: സാമൂഹികം
ഉപമേഖല: പ്രാദേശിക പി.ടി.എ.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | • വിദ്യാലയത്തിന്റെ പരിസരം വിവിധ മേഖലകളായി തിരിച്ച് രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ സമയത്ത് PTA യോഗങ്ങൾ | മധ്യമകാലം<br>വർഷത്തിലൊന്ന് | SRG<br>SSG. | |

മേഖല: സാമൂഹികം.

ഉപമേഖല: പഠനക്കൂട്ടം.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • മികവുകളുടെ അവതരണം<br>• പഠനം കാര്യക്ഷമമാക്കൽ | • വിദ്യാർത്ഥികളെ മേഖലകളായി തിരിച്ച് പഠനക്കൂട്ടങ്ങൾ രൂപീകരണം. ഓരോ ടേമിലും ഒന്നുവീതം. അരദിവസം നീണ്ടുനിൽക്കുന്നത്.<br>• വിവിധ മികവുകളുടെ അവതരണവും നടത്തൽ | മധ്യമകാലം. ടേമിൽ ഒന്നുവീതം. | HM<br>Class Teachers | |

മേഖല: സാമൂഹികം.

ഉപമേഖല: അമ്മ വായന.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ | • വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ രക്ഷിതാക്കൾക്കു വായിക്കുവാൻ നൽകൽ. | ആവശ്യാനുസരണം. | SRG<br>Teachers. | |

മോണിട്ടറിംഗ്: PTA, MPTA, SRG, SSG, HM.

## ഉപസംഹാരം.

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസത്തെ സ്വകാര്യവത്കരണം ഇപ്പോൾതന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതു

വിദ്യാഭ്യാസ സംരക്ഷണയജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാന മൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടേയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്.

ഭാഷ, ഗണിതം, ശാസ്ത്രം, കലാകായികം ഭൗതികം, സാമൂഹികം എന്നിങ്ങനെയുള്ള പല മേഖലകൾ സംമ്പുഷ്ടമാക്കുവാൻ വിവിധ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. 100റിലേറെ പഴക്കമുള്ള ഈ വിദ്യാലയത്തിന് ഭൗതികമായ ധാരാളം പരിമിതികളുണ്ട്. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ട് കീക്കൊഴൂർ ഗവ: എൽ.പി സ്കൂളിന്റെ മാസ്റ്റർ പ്ലാൻ സവിനയം സമർപ്പിക്കുന്നു.

GOVT. L.P. SCHOOL * KEEKOZHOOR, RANNI * PIN-689 672

ANILKUMAR C. K.
PEN: 258540
HEADMASTER
Govt. LPS, KEEKOZHOOR
GENERAL EDUCATION